# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 889** **11.03.2015 - ൽ മറുപടിയ്ക്ക്**

**<u>മുല്ലപ്പെരിയാർ മേൽ നോട്ട സമിതിയുടെ പ്രവർത്തനം</u>**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സാജു പോൾ | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2014 ഡിസംബറിൽ മുല്ലപ്പെരിയാർ ജലനിരപ്പ് 142 അടിയിലേക്ക് ഉയർത്തിയപ്പോൾ അതിനു മേൽ നോട്ടം വഹിക്കേണ്ട സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ; | (എ) വടക്കു-കിഴക്കൻ മൺസൂൺ ശക്തിപ്പെട്ടപ്പോൾ നീരൊഴുക്ക് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ; സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മേൽ നോട്ട സമിതിയുടെ യോഗം എത്രയും പെട്ടെന്ന് വിളിച്ച ചേർക്കണമെന്ന് കേരളം മേൽ നോട്ട സമിതി ചെയർമാനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ കേരളത്തിന്റെ അഭ്യർത്ഥനയ്ക്ക് പരിഗണന ലഭിക്കാത്ത സാഹചര്യത്തിൽ; മേൽ നോട്ട സമിതിയുടെ അടിയന്തരയോഗം വിളിച്ചചേർക്കാൻ 17.11.2014-ൽ കേരളം വീണ്ടും ആവശ്യപ്പെട്ടു. ജലനിരപ്പ് 142 അടിയോട് അടുത്തു വരുന്ന സാഹചര്യത്തിൽ മേൽ നോട്ട സമിതിയുടെ യോഗം വിളിച്ചചേർക്കാതിരിക്കുന്നത് ലക്ഷ്യത്തിൽ നിന്നുമുള്ള വ്യതിയാനമാണെന്നും സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിൽ മേൽ നോട്ട സമിതി പരാജയപ്പെട്ടതായി കണക്കാക്കേണ്ടിവരുമെന്നും കേരളം സമിതി ചെയർമാനയച്ച കത്തിൽ സൂചിപ്പിച്ചിരുന്നു. മേൽ നോട്ട സമിതിയുടെ യോഗം വിളിച്ചചേർക്കാൻ കേരളം പലതവണ |

ആവശ്യപ്പെട്ടിരുന്നുവെങ്കിലും ജലനിരപ്പ് 142 അടിയായി ഉയർത്തിയ ശേഷം 24.11.2014-ൽ മാത്രമാണ് മേൽ നോട്ട സമിതിയുടെ യോഗം കൂടിയത്.

(ബി) മേൽ നോട്ട സമിതിയുടെ അദ്ധ്യക്ഷന്റെ പ്രവർത്തനം അങ്ങേയറ്റം പക്ഷപാതപരമായിരുന്നെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വസ്തുതകളുടെ വെളിച്ചത്തിൽ ഇക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള മേൽ നോട്ട സമിതി രൂപീകരിക്കുന്നതിന് സുപ്രീംകോടതി നിർ ദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ചിരിക്കുന്നത് കേന്ദ്രസർക്കാരിൽ നിന്നുമാണ്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ ആശങ്കകൾ ദൂരീകരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് മേൽ നോട്ട സമിതി ചെയർമാന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടായിട്ടില്ലായെന്നുള്ള വിവരം കേന്ദ്രജലകമ്മീഷനേയും, കേന്ദ്ര ജലവിഭവ വകുപ്പ് സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനായി നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഒരു മേൽ നോട്ട സമിതിയെ നിയമിക്കാനായി സർക്കാർ സ്വീകരിച്ച നിയമനടപടികളും ഭരണപരമായ നടപടികളും അറിയിക്കാമോ?

(സി) സുപ്രീംകോടതിയുടെ നിർ ദ്ദേശപ്രകാരം കേന്ദ്രസർക്കാരാണ് നിലവിലുള്ള മേൽ നോട്ടസമിതി രൂപീകരിച്ചിട്ടുള്ളത്. മേൽ നോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി സമിതി യോഗങ്ങളിൽ ശക്തമായി വാദിക്കാറുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ച കിട്ടുന്നതിന് ദോഷകരമായുള്ള തീരുമാനങ്ങൾ നിലവിലുള്ള മേൽ നോട്ടസമിതിയിൽ നിന്നും ഉണ്ടായാൽ; നിഷ്പക്ഷമായി പ്രവർത്തിക്കുന്ന പുതിയ സമിതിയെ നിയോഗിക്കണമെന്ന ആവശ്യം ഉന്നയിക്കണമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട്.

**സെക്ഷൻ ഓഫീസർ**